ഗവൺമെൻറിൽ നിക്ഷിപ്തമായ വനഭൂമി

*19 [22] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഗവൺമെൻറിൽ നിക്ഷിപ്തമായ വനഭൂമിയിൽ എത്ര ഹെക്ടർ സ്ഥലത്ത് അതിർത്തി നിർണ്ണയം കഴിഞ്ഞിട്ടുണ്ട്;

(ബി) ഗവൺമെൻറിൽ നിക്ഷിപ്തമായ ആകെ സ്വകാര്യ വനഭൂമികയ്ക എത്ര ഹെക്ടർ;

(സി) അതിർത്തി നിർണ്ണയിക്കാത്ത എത്ര ഹെക്ടർ വനഭൂമിയാണുള്ളത്?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) ഒരു ലക്ഷത്തി എൺപത്തി എണ്ണായിരത്തി ഇരുപത്തിമൂന്നു ഹെക്ടർ നിക്ഷിപ്ത വനത്തിൽ അതിർത്തി നിർണ്ണയം കഴിഞ്ഞിട്ടുണ്ട്.

(ബി) ഏകദേശം ഒരു ലക്ഷത്തി എൺപത്തി എണ്ണായിരത്തി അഞ്ഞൂറ്റി ഇരുപത്തിമൂന്നു ഹെക്ടർ സ്വകാര്യ വനഭൂമി ഗവൺമെൻറിൽ നിക്ഷിപ്തമായിട്ടുണ്ട്.

(സി) ഏകദേശം അഞ്ഞൂറ് ഹെക്ടർ.

കേന്ദ്ര വന സംരക്ഷണ നിയമം

*20 [23] ശ്രീ. കെ. ഇ. ഇസ്മയിൽ:
,, കെ. വി. സുരേന്ദ്രനാഥ്:
,, എം. കെ. കേശവൻ:
,, കെ. ടി. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

കേന്ദ്ര വനസംരക്ഷണ നിയമത്തിൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസൃതമായി വനവികസന കോർപ്പറേഷൻെറ പ്രവർത്തനങ്ങൾ രൂപാന്തരപ്പെടുത്തുവാൻ ഗവൺമെൻറ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വനംവകുപ്പു മന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): കേന്ദ്ര വന സംരക്ഷണ നിയമത്തിൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് അനുസരണമായി തന്നെയാണ് വനവികസന കോർപ്പറേഷൻെറ പ്രവർത്തനങ്ങൾ നടത്തി കൊണ്ടുവരുന്നത്.

സഹകരണ മേഖലയിൽ ഒരു മെഡിക്കൽ കോളേജ്

*21 [24] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ ഒരു മെഡിക്കൽ കോളേജ് തുടങ്ങാൻ അനുമതി വൽകണമെന്ന് സംസ്ഥാന സഹകരണ ബാങ്ക് ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെൻറിൻെറ നിലപാട് എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly